B2/58/2025-CLAD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - പുരാരേഖ വകുപ്പ് - എറണാകുളം റീജിയണൽ ആർക്കൈവ്സിലെ ക്ലാർക്ക് ആയ കുമാരി അപർണ്ണ കെ എ യ്ക്ക് കലാ-സാംസ്കാരിക മേഖലയിൽ പ്രവർത്തിക്കുന്നതിന് ഒരു വർഷത്തേക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.357/2025/CLAD തീയതി,തിരുവനന്തപുരം, 24-06-2025

---

പരാമർശം:- 1. പുരാരേഖ വകുപ്പ് ഡയറക്ടറുടെ 15.02.2025, 29.05.2025 തീയതികളിലെ ഇ1/188/2025/എസ്.എ നമ്പർ കത്തുകൾ.

**ഉത്തരവ്**

സംസ്ഥാന പുരാരേഖ വകുപ്പിന്റെ എറണാകുളം റീജിയണൽ ആർക്കൈവ്സിൽ ക്ലർക്ക് തസ്തികയിൽ ജോലി ചെയ്യുന്ന കുമാരി അപർണ്ണ കെ.എ, യാതൊരു പ്രതിഫലവും വാങ്ങാതെയും ഔദ്യോഗിക ജോലികൾക്ക് തടസ്സം വരുത്താതെയും തനിക്ക് കലാസാംസ്കാരിക മേഖലയിൽ പ്രവർത്തിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുകയും പ്രസ്തുത അപേക്ഷ പരാമർശം പ്രകാരം പുരാരേഖ വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ആർക്കൈവ്സ് വകുപ്പിന്റെ എറണാകുളം റീജിയണൽ ആർക്കൈവ്സിൽ ക്ലർക്ക് തസ്തികയിൽ ജോലി ചെയ്യുന്ന കുമാരി അപർണ്ണ കെ എ യ്ക്ക് പ്രതിഫലം കൈപ്പറ്റാതെയും, ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന് തടസ്സമില്ലാതെയും, ഭാഗമാകുന്ന കലാ സാംസ്കാരിക സൃഷ്ടികളുടെ ഉള്ളടക്കം സർക്കാരിനെതിരെയോ സർക്കാരിന്റെ നയങ്ങൾക്കെതിരെയോ യാതൊരു തരത്തിലുള്ള പരാമർശങ്ങളും നടത്തുന്നില്ല എന്ന് പുരാരേഖാ വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ് എന്ന വ്യവസ്ഥയിലും ഒരു വർഷത്തേക്ക് കലാ-സാംസ്കാരിക മേഖലയിൽ പ്രവർത്തിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**RAJANI M**

ജോയിന്റ് സെക്രട്ടറി

കുമാരി അപർണ്ണ കെ എ, ക്ലർക്ക്, റീജിയണൽ ആർക്കൈവ്സ് എറണാകുളം (പുരാരേഖ വകുപ്പ് ഡയറക്ടർ മുഖേന)
ഡയറക്ടർ, പുരാരേഖ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Renju. A. R
Date: 25-06-2025 12:54:02
സെക്ഷൻ ഓഫീസർ